**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 6408.**

**08.11.2016 - ൽ**

**മറുപടിയ്ക്ക്**

## ഫോറൻസിക് വിഭാഗത്തിലെ തസ്തികകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പോലീസിലെ ഫോറൻസിക് വിഭാഗത്തിൽ ഫോട്ടോഗ്രാഫർ/ വീഡിയോഗ്രാഫർമാരുടെ വേണ്ടത്ര തസ്തികകൾ നിലവിലില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br>(ബി) ഇക്കാര്യത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതിൽ എത്രയും പെട്ടെന്ന് അനുകൂലതീരുമാനമുണ്ടാവുമോ? | (എ) & (ബി) | കേരള പോലീസിൽ ഫോറൻസിക് സയൻസ് ലാബുകളിൽ ഉൾപ്പെടെ ഫോട്ടോഗ്രാഫർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത ശുപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിലവിലുള്ള ഫോട്ടോഗ്രാഫർമാർക്ക് ജോലി വീതിച്ചു നൽകി പരിഹരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajani M

**സെക്ഷൻ ഓഫീസർ**